**ഭവനം ഫൗണ്ടേഷൻ കേരള എറണാകുളം ജില്ലയിൽ പോഞ്ഞാശ്ശേരിയിൽ പണികഴിപ്പിച്ച അപ്പാർട്ടുമെന്റുകൾ വിലപ്പനയ്ക്ക് തയ്യാറായിരിയ്ക്കുന്നു.**

ഭവനം ഫൗണ്ടേഷൻ കേരള എറണാകുളം ജില്ലയിൽ പെരുമ്പാവൂർ കുന്നത്തുനാട് താലൂക്കിൽ അറക്കപ്പടി വില്ലേജിൽ പോഞ്ഞാശ്ശേരിയിൽ 715 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 74 അപ്പാർട്ട്മെന്റുകൾ പണികൾ പൂർത്തിയായി വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. തന്റെയോ വിവാഹ പങ്കാളിയുടെയോ പേരിൽ സ്വന്തമായി വീട് / അപാർട്ട്മെന്റ് ഇല്ലാത്ത സ്വകാര്യ, പൊതു, സർക്കാർ മേഖലകളിൽ കുറഞ്ഞ വേതനത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് തണലേകാനാണ് ഈ ബിൽഡിംഗ് പണികഴിപ്പിച്ചിട്ടുള്ളത്.

ഒരു അപ്പാർട്ട്മെന്റിൽ 2 ബെഡ്റൂമുകൾ, ഡൈനിങ് ഏരിയയും വിസിറ്റിംഗ് ഏരിയയും അടങ്ങിയ ഒരു മൾട്ടി പർപസ് ഹാൾ, ഒരു അടുക്കള, രണ്ടു അറ്റാച്ച്ഡ് ബാത്റൂമുകൾ, ഒരു കാർ പാർക്കിങ്, ഒരു ബാൽക്കണി എന്നിവയാണ് ഉൾപ്പെടുന്നത്. ഇതിനു പുറമേ അഗ്നിശമന സംവിധാനം, 2 ലിഫ്റ്റുകൾ, മഴവെള്ള സംഭരണി, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡീസൽ ജനറേറ്റർ സിസ്റ്റം, റോഡ് ആക്സസ്, ചുറ്റുമതിൽ, സെക്യൂരിറ്റി ക്യാബിൻ എന്നീ പൊതു സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു അപാർട്ട്മെന്റിന്റെ വില 20,57,708/- (ഇരുപത് ലക്ഷത്തി അൻപത്തിയേഴായിരത്തി എഴുന്നൂറ്റി എട്ട് രൂപ) ആയി നിജപ്പെടുത്തിയിരിക്കുന്നു.

അപേക്ഷ ഫോറം ഭവനം ഫൗണ്ടേഷൻ കേരള, ലേബർ കമ്മീഷണറേറ്റ്, കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സലൻസ് (KASE), കേരള ഇൻസ്റ്റ്യൂട്ട് ഫോർ ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) എന്നീ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അർഹരായവരിൽ നിന്നും പൂരിപ്പിച്ച അപേക്ഷയും അർഹത തെളിയിക്കുന്ന രേഖകളുടെ അസ്സൽ പകർപ്പുകളോടും കൂടിയ അപേക്ഷ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, TC 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം - 695035 എന്ന അഡ്രസ്സിൽ 20/07/2025 തീയതിക്കു മുൻപായി എത്തുന്ന വിധത്തിൽ അയയ്ക്കുവാൻ താത്പര്യപ്പെടുന്നു.

**Date: 21-06-2025**

# കേരള സർക്കാർ

തൊഴിലും  നൈപുണ്യവും വകുപ്പ്

## ഭവനം ഫൌണ്ടേഷൻ കേരള

രജിസ്ട്രേഡ് ഓഫീസ് ,ടി .സി 13/287/1,പനച്ചമൂട്ടിൽ ,മുളവാണ ജംഗ്ഷൻ
കുന്നുകുഴി ,വഞ്ചിയൂർ പി .ഒ ,തിരുവനന്തപുരം -695035 ഫോൺ -0471-2446632

## അപേക്ഷാ ഫോം

| | |
|---|---|
| പേര് | : |
| പിതാവിന്റെ /മാതാവിന്റെ / ജീവിതപങ്കാളിയുടെ പേര് | : |
| വയസ്സും ജനനത്തീയതിയും | : |
| ലിംഗപദവി | : |
| വൈവാഹിക സ്ഥിതി | : |
| ശാരീരികമായി ഭിന്നശേഷി ഉള്ളതാണോ (അതെ എങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുക) | : |
| തൊഴിൽ | : |
| തൊഴിലുടമയുടെ തരം (സ്വകാര്യ /പൊതു /സർക്കാർ) | : |
| വാർഷിക വരുമാനം | : |
| റേഷൻ കാർഡ് നം | : |
| ആധാർ നം | : |
| എഴുത്തുകുത്തുകൾക്കുള്ള മേൽവിലാസം (പിൻകോഡ് സഹിതം) | : |
| സ്ഥിരമേൽവിലാസം (പിൻകോഡ് സഹിതം) | : |
| ഫോൺ നം ./മൊബൈൽ നം . | : |
| ഇ മെയിൽ ഐ. ഡി | : |
| നിലവിൽ താങ്കളുടെ അല്ലെങ്കിൽ താങ്കളുടെ വിവാഹ പങ്കാളിയുടെ അല്ലെങ്കിൽ ആശ്രിതരായ മക്കളുടെ പേരിൽ ഒരു വീട് /അപാർട്മെന്റ് സ്വന്തമായുണ്ടോ | : |

ലൈഫ് , പി വൈ . എ . എം ., ഐ .എ .വൈ, :
ഇ .എം .എസ് , ഹൗസിംഗ് സ്കീം ,
പഞ്ചായത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും
ഏജൻസികളുടെയോ കീഴിലുള്ള ഹൗസിംഗ്
സ്കീം പോലെയുള്ള മറ്റേതെങ്കിലും ഭവന
പദ്ധതിക്ക് കീഴിൽ കവർ ചെയ്യപ്പെട്ടിട്ടുണ്ടോ

വാങ്ങുന്നതിനുള്ള സ്രോതസ്സ്
✓ ചെയ്യുക :

| | |
|---|---|
| സ്വന്തം ഫണ്ട് /സമ്പാദ്യം | |
| ബാങ്കുകൾ /സഹകരണ സംഘം /ഹൌസിംഗ് ഫിനാൻസ് കമ്പനി ലോൺ | |

**കുടുംബാംഗങ്ങളുടെ വിശദവിവരങ്ങൾ**

| ക്രമ നം | പേര് | അപേക്ഷകനുമായുള്ള ബന്ധം | പ്രായം | തൊഴിൽ | വർഷികവരുമാനം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

## <u>പ്രസ്താവന /രേഖാമൂലമുള്ള ഉറപ്പ്</u>

1. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിശദാംശങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും ശരിയും ആണെന്ന് ഞാൻ ഇതിനാൽ പ്രസ്താവിക്കുന്നു.
2. ഞാൻ ഏതെങ്കിലും തെറ്റായ വിവരം സമർപ്പിക്കുകയാണെങ്കിൽ എന്റെ അപേക്ഷ നിരസിക്കപ്പെടുന്നതാണെന്ന് എനിക്ക് ബോധ്യമുണ്ട്.
3. ബി എഫ് കേ. ക്ക് എന്തെങ്കിലും അധിക വിവരങ്ങൾ ആവശ്യമാണെങ്കിൽ അത് സമർപ്പിക്കാം എന്ന് ഞാൻ സമ്മതിക്കുന്നു.
4. അപ്പാർട്ട്മെന്റ് അനുവദിക്കുകയാണെങ്കിൽ രജിസ്ട്രേഷന്റെ തീയതി മുതൽ 25 വർഷത്തേക്ക് അത് അന്യാധീനപ്പെടുത്തില്ലെന്ന് / വിൽക്കില്ലെന്ന് ഞാൻ ഇതിനാൽ ഉറപ്പു നൽകുന്നു.
5. അപ്പാർട്ട്മെന്റ് 25 വർഷത്തേക്ക് പണയം വയക്കില്ലെന്ന് /ഈടായി നൽകില്ലെന്ന് അല്ലെങ്കിൽ പാട്ടത്തിന് / വാടകയ്ക്ക് നൽകില്ലെന്ന് ഞാൻ ഇതിനാൽ ഉറപ്പു നൽകുന്നു.

സ്ഥലം :
തീയതി : അപേക്ഷകന്റെ(യുടെ) ഒപ്പ്

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

**ജീവനക്കാരായ അപേക്ഷകന് (യ്ക്ക് )**

1. ഫോട്ടോ
2. റേഷൻ കാർഡിന്റെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
3. ആധാർ കാർഡിന്റെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
4. പാൻ കാർഡിന് പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
5. നിലവിലുള്ള മേൽവിലാസം തെളിയിക്കുന്ന രേഖ (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
7. ശമ്പള സ്ലിപ്പ് - കഴിഞ്ഞ മൂന്നുമാസം.
8. അപേക്ഷകനും (യ്ക്കും), ജീവിത പങ്കാളിക്കും സ്വന്തമായി ഒരു വീടില്ലെന്ന് നേറ്റീവ് വില്ലേജിലെ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.
9. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.
10. ക്ഷേമനിധി അംഗത്വവും വിശദാംശങ്ങളും.
11. വാടകയ്ക്കാണ് താമസിക്കുന്നത് എങ്കിൽ വാടക ചീട്ട്.

    *പണം കണ്ടെത്തുന്നത് വായ്പ മുഖേനയാണെങ്കിൽ, ചുവടെ പറയുന്ന അധിക രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്

12. ബാങ്ക് സ്റ്റേറ്റ്മെന്റ് - കഴിഞ്ഞ ആറുമാസം.
13. എല്ലാ വായ്പകളുടെയും തിരിച്ചടവ് ട്രാക്ക്.

**സ്വയം തൊഴിൽ ചെയ്യുന്ന അപേക്ഷകന് (യ്ക്ക് )**

1. ഫോട്ടോ
2. റേഷൻ കാർഡിന്റെ പകർപ്പ് ( ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
3. ആധാർ കാർഡിന്റെ പകർപ്പ് ( ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
4. പാൻ കാർഡിന് പകർപ്പ് ( ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
5. നിലവിലുള്ള മേൽവിലാസം തെളിയിക്കുന്ന രേഖ (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
7. അപേക്ഷകനും (യ്ക്കും), ജീവിത പങ്കാളിക്കും സ്വന്തമായി ഒരു വീടില്ലെന്ന് നേറ്റീവ് വില്ലേജിലെ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

8. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

9. ക്ഷേമനിധി അംഗത്വവും വിശദാംശങ്ങളും .

10. വാടകയ്ക്കാണ് താമസിക്കുന്നത് എങ്കിൽ വാടക ചീട്ട്.

**പണം കണ്ടെത്തുന്നത് വായ്പ മുഖേന യാണെങ്കിൽ, ചുവടെ പറയുന്ന അധിക രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്

11. ഐ ടി ആർ - കംപ്യൂട്ടേഷൻ, കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റും , പി &എൽ -ലും

12. ഫോം മൂന്ന് സി. ബി / 3 സി. ഡി. ബാധകമാണെങ്കിൽ.

13. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് - കഴിഞ്ഞ ആറുമാസം.

14. ജി. എസ്. ടി. ആർ - 3 ബി - കഴിഞ്ഞ രണ്ടു വർഷം.

15. കഴിഞ്ഞ രണ്ടു വർഷത്തെ ഫോം 26 എ. എസ്.

16. എല്ലാ വായ്പകളുടെയും തിരിച്ചടവ് ട്രാക്ക്

## വിശദാംശങ്ങൾ

## ജനനി പ്രൊജക്റ്റ്

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും , കുറഞ്ഞ വേതനമുള്ള ജീവനക്കാർക്കും താങ്ങാവുന്ന നിലയിൽ ഏകദേശം 700 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള ഗുണമേന്മയുള്ള വീട് പ്രദാനം ചെയ്യുന്നതിനാണ് ജനനി പ്രൊജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

### ജനനി പ്രൊജക്റ്റ് , പോഞ്ഞാശ്ശേരി -ഹിൽ വ്യൂ ( എറണാകുളം ജില്ല )

ജനനി പ്രൊജക്റ്റ്, പോഞ്ഞാശ്ശേരി , ടവർ -1 ൽ 715 ചതുരശ്രയടി വീതം വിസ്തീർണ്ണം ഉള്ള 74 അപ്പാർട്ട്മെന്റുകൾ ആണുള്ളത്. ടി അപ്പാർട്ട്മെന്റിൽ രണ്ട് ബെഡ്റൂമുകളും, ഡൈനിങ് ഏരിയയും, വിസിറ്റിംഗ് ഏരിയയും അടങ്ങിയ മൾട്ടിപർപ്പസ് ഹാളും, ഷെൽഫുകളോട് കൂടിയ അടുക്കളയും, രണ്ട് അറ്റാച്ച്ഡ് ബാത്റൂമുകളും, ഒരു ബാൽക്കണിയും, ഒരു കാർ പാർക്കിങ് എന്നിവ ആണ് നൽകുന്നത്. ആയതിനു പുറമേ, അഗ്നിശമന സംവിധാനം, 2 ലിഫ്റ്റുകൾ, മഴവെള്ള സംഭരണ സംവിധാനം, സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡീസൽ ജനറേറ്റർ സിസ്റ്റം, റോഡ് ആക്സസ്, ചുറ്റുമതിൽ, സെക്യൂരിറ്റി ക്യാബിൻ എന്നിവയും ഉണ്ട്.

പ്രസ്തുത അപ്പാർട്ട്മെന്റിന്റെ വില 20,57,708/- (ഇരുപത് ലക്ഷത്തി അൻപത്തിയേഴായിരത്തി എഴുന്നൂറ്റി എട്ട് രൂപ) ആണ്.

## ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. ഗുണഭോക്താക്കൾ ചുവടെ പറയുന്ന തരത്തിലുള്ള ക്രമമായ വരുമാനത്തോടുകൂടിയ "അസംഘടിത മേഖലയിലെ തൊഴിലാളികൾ "/" കുറഞ്ഞ വേതന ഉള്ള ജോലിക്കാർ" എന്നിവരിൽ നിന്നായിരിക്കണം.
    i. സംസ്ഥാന / കേന്ദ്ര ക്ഷേമനിധി സ്കീമിൽ ഉൾപ്പെടുന്ന അംഗങ്ങൾ.
    ii. സ്വയംതൊഴിൽ ജോലിക്കാർ.
    iii. സ്വകാര്യ, പൊതു, സർക്കാർ മേഖലകളിലെ കുറഞ്ഞ വേതന ഉള്ള ജീവനക്കാരും ജോലിക്കാരും.
    iv. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ.
    v. കുടുംബശ്രീയുടെ അംഗങ്ങൾ.
2. പ്രായം 58 വയസ്സോ അതിൽ കുറവോ ആയിരിക്കണം.
3. സ്കീമിനു കീഴിലുള്ള ഗുണഭോക്താവിന് നിലവിൽ തന്റെ പേരിലോ അല്ലെങ്കിൽ തന്റെ വിവാഹ പങ്കാളിയുടെയോ പേരിലോ സ്വന്തമായി ഒരു വീട് / അപ്പാർട്ട്മെന്റ് ഉണ്ടായിരിക്കുവാൻ പാടില്ല.
4. ഗുണഭോക്താവ് ലൈഫ്, പി. എം. എ. വൈ, ഐ. എ. വൈ, ഇ. എം. എസ് ഹൗസിംഗ് സ്കീം, പഞ്ചായത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളുടെയോ പോലുയുള്ള മറ്റേതെങ്കിലും ഭവന പദ്ധതിക്കു കീഴിൽ കവർ ചെയ്യപ്പെട്ടിരിക്കരുത്.

## മുൻഗണനാർഹമായ മാനദണ്ഡങ്ങൾ

മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ തുല്യമാണെങ്കിൽ, ചുവടെ പറയുന്നവർക്ക് മുൻഗണന നൽകുന്നതാണ് .

1. സംസ്ഥാന / കേന്ദ്ര ക്ഷേമനിധി സ്കീമിൽ ഉൾപ്പെടുന്ന അംഗങ്ങൾ.
2. വാർഷിക വരുമാനം 8,00,000/-രൂപയോ അതിൽ കുറവോ ആയിട്ടുള്ള അപേക്ഷകർ.
3. പദ്ധതി നടപ്പിലാക്കുന്ന ജില്ലയിലോ സമീപ ജില്ലകളിലോ താമസിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്ന അപേക്ഷകർ.